പതിനാലാം കേരള നിയമസഭ

<u>പതിനഞ്ചാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2945</u> | <u>18.06.2019 ൽ മറുപടിക്ക്</u>

## നേമം റെയിൽവേ ടെർമിനലിന് സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഒ. രാജഗോപാൽ | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം നേമം റെയിൽവേ ടെർമിനൽ തുടങ്ങുന്നതിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ഏതുവരെയായി; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | നേമം റെയിൽവേ ഇരട്ടിപ്പിക്കലിനും പുതിയ കോച്ചിംഗ് ടെർമിനൽ സ്ഥാപിക്കുന്നതിനുമായി തൈക്കാട്, തിരുമല, നേമം, പള്ളിച്ചൽ വില്ലേജുകളിൽപ്പെട്ട 15 ഹെക്ടർ സ്ഥലം 2013 ലെ എൽ.എ.ആർ.ആർ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നേമം ടെർമിനൽ നിർമ്മാണം ഉൾപ്പെടുന്ന തിരുവനന്തപുരം - നേമം റെയിൽവേ ലൈൻ ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് 13.7489 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. റിക്വസിഷൻ അതോറിറ്റിയായ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സതേൺ റെയിൽവേ സമർപ്പിച്ച അർത്ഥനയിലും അലൈൻമെന്റിലും അപാകതകൾ ഉള്ളതിനാലാണ് നടപടികൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത്.<br>2013 ലെ എൽ.എ.ആർ.ആർ നിയമപ്രകാരം സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള സാമൂഹ്യാഘാതപഠനം നടത്തുന്നതിനുള്ള ഏജൻസിയെ തീരുമാനിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടുള്ളതും ആയത് ലഭിക്കുന്ന മുറയ്ക്ക് അനുയോജ്യമായ ഏജൻസിയെ തിരഞ്ഞെടുത്ത് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുന്നതും സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ